# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2984.** **07.02.2018 -ൽ മറുപടിക്ക്**

## ഓപ്പൺ സ്കൂൾ മലപ്പുറം മേഖലാ കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഓപ്പൺ സ്കൂൾ മലപ്പുറം മേഖലാ കേന്ദ്രം അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പ്രസ്തുത മേഖലാ കേന്ദ്രത്തിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | ഇല്ല. മലപ്പുറം ജില്ലയിൽ നിന്ന് സ്കോൾ - കേരളയിൽ വിവിധ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ ക്യാൻസലേഷൻ മെമ്മോ, ക്യാൻസൽഡ് ടി.സി, ഡ്യൂപ്ലിക്കേറ്റ് ഐ.ഡി.കാർഡ്, ഡ്യൂപ്ലിക്കേറ്റ് ടിസി എന്നിവ നൽകുന്നതിനുള്ള നടപടികളും ഒന്നാംവർഷ ഹയർസെക്കൻഡറി കോഴ്സിന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ രണ്ടാംഗഡു കോഴ്സ് ഫീസ് ഒടുക്കിയ ചെലാൻ സ്വീകരിക്കൽ , വിവിധ കോഴ്സുകളുടെ സംഘടന മേൽനോട്ടം തുടങ്ങിയവയാണ് മേഖലാകേന്ദ്രം വഴി ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ. |
| ബി) | പ്രസ്തുത കേന്ദ്രത്തിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; ആവശ്യമുള്ള പക്ഷം കൂടുതൽ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | ബി) | നിലവിൽ മേഖലകേന്ദ്രം ഓഫീസർ -ഇൻ-ചാർജ്ജായി ഒരാളും സെക്ഷൻ അസിസ്റ്റൻറുമാരായി നാലുപേരും മേഖലാകേന്ദ്രത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്തുവരുന്നു. അതോടൊപ്പം ക്ലീനിംഗ് ജോലികൾക്ക് 'കുടുംബശ്രീ ' വഴി ചുമതലപ്പെടുത്തിയ ഒരാളും ജോലിചെയ്യുന്നു. കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം നിലവിലില്ല. |
| സി) | മലപ്പുറം, പാലക്കാട് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ഏറെ ആശ്വാസമേകുന്ന പ്രസ്തുത മേഖലാ കേന്ദ്രം നിലനിർത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ? | സി) | പ്രസ്തുത മേഖലാ കേന്ദ്രം അടച്ചുപൂട്ടാൻ നിലവിൽ ഉദ്ദേശമില്ല. |

സെക്ഷൻ ഓഫീസർ